A3/87/2025-CLAD

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ്-കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയ്ക്ക് 2025-26 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിൽ നിന്നും രണ്ടാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.601/2025/CLAD തീയതി, തിരുവനന്തപുരം, 19-10-2025

പരാമർശം:-
1. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ.
2. സ.ഉ.(സാധാ) നം. 262/2025/CLAD തീയതി 13.05.2025
3. സ.ഉ.(സാധാ) നം. 347/2025/CLAD തീയതി 20.06.2025.
4. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയുടെ 30.08.2025, 22.09.2025 തീയതിയിലെ കെ.എസ്.സി.എ/എഫ്/680/2025 നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ 2025-2026 സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവ് 14,00,00,000/- രൂപയായി (പതിനാല് കോടി രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമർശം (3) പ്രകാരം ആദ്യ ഗഡുവായി 2,80,00,000/-രൂപ (രണ്ട് കോടി എൺപത് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവായിരുന്നു. 2025-2026 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും രണ്ടാം ഗഡു അനുവദിക്കണമെന്ന് പരാമർശം (4)-ലെ കത്തുകൾ പ്രകാരം സ്ഥാപന സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ നിലവിലെ അടിയന്തര സാഹചര്യം പരിഗണിച്ച്, ഭരണാനുമതി ഉത്തരവ് പ്രകാരമുള്ള ഘടകങ്ങൾക്ക് മാത്രമേ തുക വിനിയോഗിക്കാവൂ എന്ന നിബന്ധനയ്ക്കും, ഒന്നാം ഗഡുവിൽനിന്നും ഭരണാനുമതിക്ക് ഉപരിയായി ചിലവഴിച്ച തുക മറ്റു ഘടകങ്ങളിൽ പരിമിതപ്പെടുത്തി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ചതിന് ശേഷം മാത്രമേ അടുത്ത ഗഡു അനുവദിക്കുകയുള്ളൂ എന്ന നിബന്ധനയ്ക്കും വിധേയമായി, 2205-00-102-66-36 Grant in Aid Non Salary (PV) എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും 2,10,00,000/- രൂപ (രണ്ട് കോടി പത്ത് ലക്ഷം രൂപ മാത്രം) രണ്ടാം ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധന പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ വെള്ളയമ്പലം സബ് ട്രഷറിയിലുള്ള 799012700001318 എന്ന PSTSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി

ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. ടി തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും പ്രതീക്ഷിത ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (3176808 EDN-D1/133/2025-FIN dated 17.10.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 21-10-2025 10:17:36